പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *549 05.07.2013 -ൽ മറുപടിക്ക്

## മരാമത്ത് വകുപ്പിന് കീഴിലെ പരാതി സെല്ലിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. സി.പി. മുഹമ്മദ് :<br>ശ്രീ. വർക്കല കഹാർ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മരാമത്ത് വകുപ്പിന് കീഴിൽ പരാതി സെൽ പ്രവർത്തിക്കുന്നുണ്ടോ ; | (എ) പ്രവർത്തിക്കുന്നുണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് ; | (ബി) പൊതുമരാമത്ത് വകുപ്പ് വക റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായങ്ങളും, പരാതികളും കേൾക്കുന്നതിനും അവ പരിഹരിക്കുന്നതിനുമായി ഒരു പരാതി സെൽ കെ.എസ്.ടി.പി. യുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനായി ടോൾഫ്രീ നമ്പർ (18004257771) 2009 നവംബർ 23 മുതൽ പ്രവർത്തിച്ചു വരുന്നു. |
| (സി പി.ഡബ്ല്യു.ഡി യുടെ കീഴിലുള്ള റോഡുകളേയും, കെട്ടിടങ്ങളേയും സംബന്ധിച്ച പരാതികൾ സ്വീകരിക്കുവാൻ എന്തെല്ലാം സംവിധാനം സെല്ലിൽ ഒരുക്കിയിട്ടുണ്ട് ; വിശദമാക്കുമോ ; | (സി) കെ.എസ്.ടി.പി. യുടെ കീഴിൽ PI Cell എന്ന പേരിൽ പരാതി സ്വീകരിക്കുവാൻ വേണ്ടി 6 ടെലഫോൺ ഓപ്പറേറ്ററെ നിയമിച്ചിട്ടുണ്ട്. രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 2.30 മണി വരെയും 2.30 മണി മുതൽ വൈകിട്ട് 7 മണി വരെയും പൊതുജനങ്ങളിൽ നിന്ന് പരാതി സ്വീകരിക്കുന്നതിനും അത് ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ അറിയിക്കുവാനുമുള്ള സംവിധാനം ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. |

(ഡി) പരാതികൾക്ക് പരിഹാരം കാണുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) രണ്ട് ഷിഫ്റ്റുകളായി പ്രവർത്തിക്കുന്ന PI Cell പ്രവർത്തി ദിവസങ്ങളിൽ പരാതികൾ സ്വീകരിക്കുക, അവ ബന്ധപ്പെട്ട വിഭാഗത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ചു കൊടുക്കുക,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 48 മണിക്കൂറിനുള്ളിൽ പരാതിക്കാ-രനെ ഫോണിൽ വിളിക്കുകയും വിശദമായി പരാതി ചോദിച്ചറിയുകയും അതിന്മേൽ സ്വീകരിക്കാവുന്ന നടപടിയെപ്പറ്റി പരാതിക്കാരനെ ബോദ്ധ്യപ്പെടുത്തേണ്ടതുമാകുന്നു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അവർക്ക് കിട്ടിയ പരാതി, പരാതിയ്ക്ക് സ്വീകരിച്ച നടപടി എന്നിവ കാണിച്ചുകൊണ്ട് ദ്വൈവാര റിപ്പോർട്ടു-കൾ പരാതി സെല്ലിൽ അയയ്ക്കേണ്ടതാണ്. പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ചെയ്യുന്നതും അതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ